## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 21 | 28.10.2019-ൽ മറുപടിക്ക്

### സിവിൽ പോലീസ് ഓഫീസർ പരീക്ഷയിലെ ക്രമക്കേട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.അനിൽ അക്കര | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പി.എസ്.സി.നടത്തിയ സിവിൽ പോലീസ് ഓഫീസർ പരീക്ഷയിൽ വ്യാപകമായ ക്രമക്കേട് നടന്നുവെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണ ത്തിലെ കണ്ടെത്തലുകൾ വിശദമാക്കാമോ; | (എ) കേരളാ പി.എസ്.സി യുടെ കാറ്റഗറി നം.657/2017 വിജ്ഞാപന പ്രകാരം ആംഡ് പോലീസ് ബറ്റാലിയനുകളിലെ സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് കാസർഗോഡ് ജില്ലയ്ക്ക് വേണ്ടി, 22/7/2018-ാം തീയതി നടന്ന പി.എസ്.സി പരീക്ഷയിൽ ക്രമക്കേട് സംബന്ധിച്ച് ആരോപണമുയർന്നതിനെ തുടർന്ന് പി.എസ്.സി യുടെ ഇന്റേണൽ വിജിലൻസ് അന്വേഷണം നടത്തുകയുണ്ടായി. തുടർന്ന് ഇത് സംബന്ധിച്ച് ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിനായി കമ്മീഷൻ സെക്രട്ടറി സംസ്ഥാന പോലീസ് മേധാവിക്ക് പരാതി നൽകി. അതേതുടർന്ന് ഒന്നുമുതൽ മൂന്നുവരെ പ്രതികൾക്ക് മേൽപ്പറയുന്ന പി.എസ്.സി പരീക്ഷയിൽ ഉന്നത റാങ്ക് കരസ്ഥമാക്കി പോലീസിൽ ജോലി നേടുക എന്ന ഉദ്ദേശ്യത്തോടെ, മറ്റ് പ്രതികളുമായി ഗൂഡാലോചന നടത്തി നാല് മുതൽ ആറ് വരെ പ്രതികളുടെ സഹായത്തോടെ ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിച്ച് പരീക്ഷയിൽ ക്രമക്കേട് നടത്തിയതായുള്ള കാര്യത്തിന് 7/8/2019-ൽ ക്രൈം നം.429/CB/TVM/ D/2019 u/s 406, 420, 120(B), 201, 34 IPC & 43 (a&b) 66 of IT Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് തിരുവനന്തപുരം ക്രൈം ബ്രാഞ്ച് യൂണിറ്റ് അന്വേഷണം നടത്തി |

വരുന്നു. ബന്തവസ്സിലെടുത്ത ഇലക്ട്രോണിക് ഉപകരണങ്ങൾ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ പരിശോധനയ്ക്ക് അയച്ചിട്ടുള്ളതുമാണ്.

(ബി) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലുണ്ടായ കത്തിക്കേസിലെ പ്രതികൾ കെ.എ.പി. 4 കാസർഗോഡ് ബറ്റാലിയനിലേക്ക് പി.എസ്.സി. നടത്തിയ പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽ 1, 2, 28 റാങ്കുകൾ കരസ്ഥമാക്കിയിരുന്നോ; എങ്കിൽ പി.എസ്.സിയുടെ പരീക്ഷയിൽ അവർ എപ്രകാരം കൃത്രിമത്വം കാണിച്ചു എന്നാണ് പി.എസ്.സി. യുടെ വിജിലൻസ് വിഭാഗം കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) റാങ്ക് ലിസ്റ്റിൽ യഥാക്രമം 1,2,28 എന്നീ റാങ്കുകൾ കരസ്ഥമാക്കിയിട്ടുണ്ട്.

ക്രൈം ബ്രാഞ്ചിൽ അന്വേഷണത്തിലുള്ള ക്രൈം നം.429/CB/TVM/D/2019 എന്ന കേസിനാസ്പദമായ, പി.എസ്.സി സെക്രട്ടറിയുടെ പരാതിയിൽ, ഈ കേസിലെ പ്രതികൾ ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിച്ച് പരീക്ഷയിൽ ക്രമക്കേടുനടത്തി എന്ന് പി.എസ്.സി വിജിലൻസ് വിഭാഗം കണ്ടെത്തിയതായി പരാമർശിച്ചിട്ടുണ്ട്.

(സി) ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾ സർക്കാർ ജോലിക്ക് ശ്രമിക്കുമ്പോൾ രാഷ്ട്രീയ സ്വാധീനവും ഗുണ്ടായിസവും കാണിച്ച് ചില വ്യക്തികൾ പി.എസ്.സി. ലിസ്റ്റിൽ ഉന്നത റാങ്ക് കരസ്ഥമാക്കുന്നത് പി.എസ്.സി.യുടെ വിശ്വാസ്യതയെ തന്നെ ചോദ്യം ചെയ്യുന്ന സ്ഥിതിവിശേഷം ഉണ്ടാക്കിയിട്ടില്ലേ; വ്യക്തമാക്കാമോ;

(ഡി) എങ്കിൽ പി.എസ്.സി.യുടെ വിശ്വാസ്യത നിലനിർത്തുവാൻ പരീക്ഷയിൽ തട്ടിപ്പും ക്രമക്കേടുകളും ഉണ്ടായെന്ന ആക്ഷേപം സി.ബി.ഐ.പോലുള്ള ഏജൻസികളെ കൊണ്ട് അന്വേഷിപ്പിക്കുന്നതിനും ജനങ്ങൾക്ക് ഇക്കാര്യത്തിലുണ്ടായിട്ടുള്ള ആശങ്ക അകറ്റുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

(സി) & (ഡി) സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് (KAP IV) ബറ്റാലിയൻ കാസർഗോഡ് നടന്ന പരീക്ഷയിൽ ക്രമക്കേട് നടന്നു എന്ന ആരോപണം ഉണ്ടായ ഉടൻതന്നെ അന്വേഷണം നടത്തുന്നതിലേക്കായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആഭ്യന്തര വിജിലൻസ് വിഭാഗത്തിനു നിർദ്ദേശം നൽകി. അന്വേഷണത്തിൽ ആരോപണം ശരിയാണെന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് ആരോപണ വിധേയരായ ഉദ്യോഗാർത്ഥികളെ റാങ്ക് പട്ടികയിൽ നിന്നും സ്ഥിരമായി വിലക്കുവാനും ഇവരുടെ പ്രൊഫൈലുകൾ നിർജ്ജീവമാക്കുവാനും തീരുമാനിച്ചിട്ടുണ്ട്. പരീക്ഷയിൽ നടന്ന ക്രമക്കേടു സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷിച്ചു വരുന്നു. അതോടൊപ്പം PSC പരീക്ഷകൾ കൂടുതൽ കുറ്റമറ്റ രീതിയിലും സൂക്ഷ്മതയോടും കൂടി നടപ്പിലാക്കുന്ന തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തുടർന്നുവന്ന പരീക്ഷകളിൽ ഫലപ്രദമായി നടപ്പിൽ വരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ